സ്പെയർ പാർട്സുകൾക്കായി കെ.എസ്.ആർ.ടി.സി. ചെലവഴിച്ച അധിക തുക

98 (3607) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. സ്പെയർ പാർട്സുകൾ വാങ്ങുന്നതിനായി നിലവിലുള്ള കരാറുകൾക്ക് ഉപരിയായി അധിക തുക നൽകിയത് വഴി എത്ര രൂപ നഷ്ടം സംഭവിച്ചിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ധനകാര്യ വകുപ്പ് സ്പെഷ്യൽ ടീമിനെ നിയോഗിച്ച് അത് കണ്ടെത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) സ്പെയർ പാർട്സ് വാങ്ങുന്നതിനായി നിലവിലുള്ള കരാറുകൾക്ക് ഉപരിയായി അധിക തുക നൽകിയിട്ടില്ല.

ഡയാലിസിസ് യൂണിറ്റ്

99 (T* 3608) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബനവലന്റ് ഫണ്ടിന്റെ സഹായത്തോടെ ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കാൻ എത്ര ആശുപത്രികൾ തെരഞ്ഞെടുക്കപ്പെട്ടിരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ 5 മെഡിക്കൽ കോളേജുകളും 27 സർക്കാർ ആശുപത്രികളും ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കാനായി തെരഞ്ഞെടുക്കപ്പെട്ടിരുന്നു. ഇതിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലും താമരശ്ശേരി താലൂക്ക് ആശുപത്രിയിലും ഡയാലിസിസ് യൂണിറ്റ് പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. കൂടാതെ 29 സ്വകാര്യ ഡയാലിസിസ് സെന്ററുകളിലും ചികിത്സ ലഭ്യമാണ്.

(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കാരുണ്യ ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം 11-7-2013 മുതൽ പൂർണ്ണമായ രീതിയിൽ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ആലപ്പുഴ മെഡിക്കൽ കോളേജ്, കോഴിക്കോട് മെഡിക്കൽ കോളേജ്

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

എന്നിവിടങ്ങളിൽ ഡയാലിസിസ് സെന്ററുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഡയാലിസിസ് സെന്ററിന്റെ നിർമ്മാണം തുടങ്ങുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ജില്ല/താലൂക്ക് തലങ്ങളിലുള്ള 27 സർക്കാർ ഡയാലിസിസ് സെന്ററുകളുടെ നിർമ്മാണച്ചുമതല കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെയാണ് ഏൽപ്പിച്ചിട്ടുള്ളത്. ഇതിൽ താമരശ്ശേരി താലൂക്ക് ഡയാലിസിസ് സെന്ററിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ബാക്കിയുള്ള ഡയാലിസിസ് സെന്ററുകളുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

31 സ്വകാര്യ ഡയാലിസിസ് സെന്ററുകൾക്ക് അംഗീകാരം നൽകുകയും അവയിൽ 29 എണ്ണം പ്രവർത്തനക്ഷമവുമാണ്.

പാലക്കാട് - കാർഷിക മേഖലയ്ക്കുള്ള വായ്പ

100 (3609) <u>ശ്രീ. എം. ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ ബാങ്കു വഴി പാലക്കാട് ജില്ലയിൽ 30.11.2015 വരെ എത്ര തുക വായ്പയായി നൽകി ;

(ബി) കാർഷിക മേഖലയ്ക്ക് എത്ര തുക നൽകിയിട്ടുണ്ട് ;

(സി) 31-3-2016 നു മുമ്പ് ലക്ഷ്യം പൂർത്തീകരിക്കുന്നതിനു കഴിയുമോ ;

(ഡി) ജില്ലാതല ബാങ്ക് അവലോകനസമിതി എന്നാണ് അവസാനമായി ചേർന്നത് ;

(ഇ) സാധാരണക്കാർക്കും ഇടത്തരം കർഷകർക്കും ചെറുകിട സ്ഥാപനങ്ങൾക്കും എളുപ്പത്തിൽ വായ്പ ലഭ്യമാക്കുന്നതിന് ജില്ലാതല ബാങ്കിംഗ് സമിതി കർമ്മ പദ്ധതി തയ്യാറാക്കുമോ ?

<u>ഉത്തരം</u>

(എ) 2015 സെപ്റ്റംബർ വരെയുള്ള കണക്ക് പ്രകാരം 34,77,51,26,000 തുക വായ്പയായി നൽകിയിട്ടുണ്ട്.

(ബി) 19,13,72,06,000 രൂപ നൽകിയിട്ടുണ്ട്

(സി) ലക്ഷ്യം പൂർത്തീകരിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി) 2015 നവംബർ 20-ാം തീയതി ചേർന്നു.

LIBRARY ARCHIVES Kerala Legislative Assembly